എ36/96105/22

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
കോഴിക്കോട്, തീയതി : 17.02.2022

## കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ
## പൊതുലേലം/ടെണ്ടർ പരസ്യം 2023–24

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ (സോണൽ ഓഫീസുകൾ ഉൾപ്പടെ) ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, മാർക്കറ്റ്, പാർക്കിങ്ങ് മുതലായ വാർഷിക വരവിനങ്ങളിൽ നിന്നും 2023–24 വർഷത്തേക്ക് ഫീസ് പിരിക്കുന്നതിനുള്ള അവകാശം നിലവിലുള്ള അവസ്ഥയിൽ കൗൺസിൽ അംഗീകരിച്ച നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ലേലം/ടെണ്ടർ ചെയ്തു നൽകുന്നതാണ്.

കോർപ്പറേഷന്റെ മെയിൻ ഓഫീസ് പരിധിയിലെ ലേലം/ടെണ്ടർ 04.03.2023 –ന് രാവിലെ 11 മണിക്ക് കോർപ്പറേഷൻ ഓഫീസിൽ വെച്ചും, മേഖലാ ഓഫീസുകളുടെ പരിധിയിൽ വരുന്നവയുടെ ലേലം/ടെണ്ടർ 06.03.2023 –ന് രാവിലെ 11 മണിക്ക് അതാത് മേഖലാ ഓഫീസുകളിൽ വെച്ചും നടക്കുന്നതാണ്.

കൂടാതെ ഓരോ ഇനങ്ങൾക്കും മത്സരസ്വഭാവമുള്ളതും സീൽ ചെയ്തതുമായ ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നവരുടെ ടെണ്ടർ ലേല ദിവസം രാവിലെ 10.45 വരെ സ്വീകരിക്കുന്നതായിരിക്കും.

വിശദവിവരങ്ങൾക്ക് കോർപ്പറേഷന്റെ www.kozhikodecorporation www.lsgkerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതും ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ റവന്യൂ നോൺടാക്സ് വിഭാഗത്തിൽ അന്വേഷിച്ചാൽ അറിയാവുന്നതുമാണ്.

കോഴിക്കോട് കോർപ്പറേഷൻ Non Tax റവന്യു വിഭാഗം

സെക്രട്ടറി
കോഴിക്കോട് കോർപ്പറേഷൻ

(1) ഓഫീസ് നോട്ടീസ് ബോർഡ്.
(2) സോണൽ ഓഫീസ് നോട്ടീസ് ബോർഡ്.
(3) വെബ് സൈറ്റ്.

എസ്.കെ പി.പി –

എ36/96105/22

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്
കോഴിക്കോട്, തീയതി : 17.02..2023

## ലേലം/ടെണ്ടർ നിബന്ധനകൾ

2023-2024 വർഷത്തേക്കുള്ള കോഴിക്കോട് കോർപ്പറേഷൻ പൊതു ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുമ്പായി ഐഡന്റിറ്റി തെളിയിക്കുന്ന രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതും ഓരോ ഇനത്തിലും അതാതിന് നേരെ കാണിച്ചിരിക്കുന്ന സംഖ്യ നിരതദ്രവ്യമായി (ഇഎംഡി) കെട്ടിവയ്ക്കേണ്ടതുമാണ്. ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടറിന്റെ കൂടെ തിരിച്ചറിയൽ രേഖയുടെ പകർപ്പും കോർപ്പറേഷൻ സെക്രട്ടറിയുടെ പേരിൽ കോഴിക്കോട് ബ്രാഞ്ചുകളിൽ നിന്നും മാറ്റാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റോ നഗരസഭയിൽ നിരതദ്രവ്യമായി (ഇ.എം.ഡി.) ഒടുക്കിയ രശീതിയോ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ രേഖയുടെ പകർപ്പ്, ഡെപ്പോസിറ്റ് തുകക്ക് സമാനമായ ഡി.ഡി./രശീത് എന്നിവ കൂടാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യം (ഇഎംഡി) ലൈസൻസ് ഫീസ് അടവിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതല്ല. ലൈസൻസ് ഫീസ് ഇനത്തിൽ അടവാക്കുന്ന തുകയുടെ നിയമാനുസൃത ജി.എസ്.ടി., ഇൻകം ടാക്സ് വിഹിതം ലൈസൻസി സ്വന്തം ഉത്തരവാദിത്വത്തിൽ അടവാക്കേണ്ടതും ആയതിന് ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പ് ഹാജരാക്കേണ്ടതുമാണ്. നിരതദ്രവ്യം ലൈസൻസ് കാലാവധിക്ക് ശേഷം ബാധ്യതകളൊന്നും തന്നെ ഇല്ലെന്ന് ഉറപ്പായാൽ മാത്രം തിരിച്ച് നൽകുന്നതാണ്. ടി തുകയ്ക്ക് പ്രത്യേക പലിശയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

1) ലേലം/ടെണ്ടർ സ്ഥിരപ്പെടുത്തുന്നതിനോ മാറ്റിവെക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷൻ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും. ലേലം/ടെണ്ടർ താൽക്കാലികമായി ഉറപ്പിക്കുമ്പോൾ തുകയുടെ 50%-വും സ്ഥിരപ്പെടുത്തുമ്പോൾ 25%വും (മൊത്തം 75%) അടവാക്കി ബാക്കി 25% തുക തുല്യ ഗഡുക്കളായി 2022 മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ 5-ാം തീയതിക്കകം അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രതിമാസം 1% നിരക്കിൽ പിഴ ഈടാക്കുന്നതാണ്. കൂടാതെ ലേലം/ടെണ്ടർ താല്ക്കാലികമായി ഉറപ്പിച്ച് കഴിഞ്ഞാൽ 1-ഉം 2-ഉം സ്ഥാനക്കാരുടെ നിരതദ്രവ്യം നഗരസഭയിൽ പിടിച്ചുവെക്കുന്നതും ഒന്നാം സ്ഥാനക്കാരന്റെ ലേലം/ടെണ്ടർ തുക കൗൺസിൽ അംഗീകരിച്ച് ഉടമ്പടി ഒപ്പുവെച്ചതിനു ശേഷം രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യം തിരിച്ചു നല്കുന്നതുമാണ്.

2) ലേലം/ടെണ്ടർ കൗൺസിൽ ഉറപ്പിക്കുന്ന പക്ഷം ലേല തുക 5,00,000/- (അഞ്ചു ലക്ഷം) രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും 5,00,000/- രൂപയിൽ കൂടുന്ന പക്ഷം ലേലം/ടെണ്ടർ തുകയുടെ 75% തുകയും നോട്ടീസ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ അടവാക്കി 200/- രൂപയുടെ മുദ്രപത്രത്തെ നിശ്ചിത ഫോറത്തിലുള്ള എഗ്രിമെന്റ് (കരാറുടമ്പടി) ഒപ്പുവെച്ച് സമർപ്പിക്കേണ്ടതാണ്. ലൈസൻസ് ഫീയുടെ നിശ്ചിത ശതമാനം വരുന്ന തുക ജി.എസ്.ടി., ഇൻകം ടാക്സ് ഇനത്തിൽ അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ നിശ്ചിത സമയത്തിനുള്ളിൽ ലേലം/ടെണ്ടർ റദ്ദ് ചെയ്യുന്നതും ഡെപ്പോസിറ്റ് തുക നഗരസഭ ഫണ്ടിൽ മുതൽ ചേർക്കുന്നതുമായിരിക്കും.

3) കരാറുടമ്പടി ഹാജരാക്കാത്ത കാരണത്താൽ ഏൽപ്പിച്ചുതരുവാൻ കാലതാമസം വന്നാൽ ആയതിന് നഗരസഭ ഉത്തരവാദിയായിരിക്കുന്നതല്ല.

4) പുനർലേലം/ ടെണ്ടർ നടക്കുമ്പോൾ ഏല്പിച്ച് കൊടുക്കുന്ന തീയതി മുതൽ 31.03.2023 വരെയുള്ള കാലത്തെ ലൈസൻസ് അവകാശം മാത്രമേ ലൈസൻസിക്ക് ലഭിക്കുകയുള്ളൂ.

5) കോർപ്പറേഷൻ വക സ്ഥാപനങ്ങളിൽ ഉപയോഗിക്കുന്ന വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജുകളും ഇവയുടെ ഉപയോഗം മൂലമുണ്ടാകുന്ന അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും ലൈസൻസികൾ തന്നെ അടവാക്കേണ്ടതാണ്.

6) നിയമാനുസൃതം ജി.എസ്.ടി., ആദായ നികുതി, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിവിധ വകുപ്പുകളിലേക്ക് അടവാക്കേണ്ട നികുതികൾ മുതലായവ അടയ്ക്കുവാൻ ലൈസൻസികൾ ബാദ്ധ്യസ്ഥരാണ്.

7) കേരള മുനിസിപ്പാലിറ്റീസ് ആക്ട് പ്രകാരം കോഴിക്കോട് കോർപ്പറേഷൻ പ്രസിദ്ധീകരിച്ച നടപടിക്രമങ്ങൾ ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ പാലിക്കേണ്ടതാണ്.

8) പരസ്യങ്ങൾ സംബന്ധിച്ച് മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പരസ്യം സ്ഥാപിക്കുന്നതിനുള്ള അനുവാദം പ്രത്യേകം വാങ്ങേണ്ടതാണ്. ആയത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ്.

9) നഗരസഭ വക കംഫർട്ട് സ്റ്റേഷനുകളിൽ കുളിമുറി, കക്കൂസ്, എന്നിവ ഒരു തവണ ഉപയോഗിക്കുമ്പോൾ 10/- രൂപയും മൂത്രവിസർജ്ജനത്തിന് മാത്രം 5/- രൂപയും ആണ് ഫീസ് ആയി നിശ്ചയിച്ചിട്ടുള്ളത്.

10) കുളിമുറി, കക്കൂസ് എന്നിവ വൃത്തിയാക്കി സൂക്ഷിക്കേണ്ടത് ലൈസൻസിയുടെ ചുമതലയാണ്. ആയതിനാൽ ഐ.ജി.റോഡ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിൽ രണ്ടും പാളയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷനിൽ ഒന്നും വീതം ക്ലീനിംഗ് സ്റ്റാഫിനെ നിയമിച്ച് ഓരോ മണിക്കൂർ ഇടവിട്ട് ക്ലീനിംഗ് പ്രവൃത്തി ചെയ്യിക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ്.

11) കംഫർട്ട് സ്റ്റേഷനുകളിൽ വെള്ളം ലഭ്യമാക്കുന്നതിന് ഉള്ള ഏർപ്പാടുകൾ ലൈസൻസി തന്നെ സ്വന്തം ചെലവിൽ നടത്തേണ്ടതാണ്.

12) ലൈസൻസി സ്വന്തം ചെലവിൽ എത്തിക്കുന്ന വെള്ളം ടാങ്കിലേക്ക് പമ്പ് ചെയ്യുന്നതിന് നഗരസഭയുടെ അനുവാദത്തോടു കൂടി കെ.എസ്.ഇ.ബി.യിൽ നിന്നും പുതിയ കണക്ഷൻ ലഭ്യമാക്കേണ്ടതാണ്.

13) അനധികൃതമായി നഗരസഭയുടെ വൈദ്യുത കണക്ഷനിൽ നിന്നും പമ്പ് പ്രവർത്തിപ്പിക്കുന്നത് ഉടമ്പടി വിരുദ്ധവും ശിക്ഷാർഹവുമായിരിക്കും.

14) കംഫർട്ട് സ്റ്റേഷനുകളിലെ സെപ്റ്റിക് ടാങ്കിൽ മാലിന്യം നിറഞ്ഞാൽ ലൈസൻസിയുടെ സ്വന്തം ചെലവിൽ നഗരസഭ ഉദ്യോഗസ്ഥരുടെ (ഹെൽത്ത് വിഭാഗം) മേൽനോട്ടത്തിൽ നീക്കം ചെയ്യേണ്ടതാണ്.

15) ലൈസൻസ് കാലാവധി കഴിയുന്ന ലൈസൻസി സ്വന്തം ചെലവിൽ ടാങ്കിലെ മാലിന്യം നീക്കം ചെയ്തതിന് ശേഷമേ ഡെപ്പോസിറ്റ് തുക തിരികെ നൽകുകയുള്ളൂ.

16) ക്ലോക്ക് റൂമിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് ഒരു കി.ഗ്രാം മുതൽ 2 കി.ഗ്രാം വരെ 5/- രൂപയും 3 കിലോ മുതൽ 10 കിലോ വരെ 10/- രൂപയും, 11 കിലോ മുതൽ 20 കിലോ വരെ 30/- രൂപയും ആണ് ഫീസ് . ക്ലോക്ക് റൂം മുറികളിൽ അനധികൃത പ്ലഗ് പോയിന്റുകൾ അനുവദിക്കുന്നതല്ല. എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമായി അനധികൃതമായി പ്ലഗ് പോയിന്റുകൾ വെച്ച് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ആയത് ശിക്ഷാർഹവും ലൈസൻസ് റദ്ദ് ചെയ്യുന്നതിന് കാരണമാകുന്നതുമാണ്.

17) പാർക്കിംഗ് ഏരിയകളിൽ ഇരുചക്രവാഹനങ്ങൾ 24 മണിക്കൂർ പാർക്ക് ചെയ്യുന്നതിന് 40/- രൂപയും 12 മണിക്കൂറിന് 20/- രൂപയും 6 മണിക്കൂറിന് 10/- രൂപയും 3 മണിക്കൂറിന് 5/- രൂപയും ആയിരിക്കും ഫീസ്. നാലു ചക്രവാഹനങ്ങൾ 24 മണിക്കൂർ പാർക്ക് ചെയ്യുന്നതിന് 100/- രൂപയും 12 മണിക്കൂറിന് 50/- രൂപയും 6 മണിക്കൂർ വരെ 30/- രൂപയും 3 മണിക്കൂർ വരെ 20/- രൂപയും ആണ് ഫീസ്.

18) പാളയം ഇരുചക്ര/നാലുചക്ര വാഹനങ്ങളുടെ പാർക്കിംഗ് ഏരിയയിൽ ഫീസ് പിരിക്കുന്നതിനുള്ള സ്ഥലത്തെ 4.41 ച.മീ. കൗണ്ടർ പിരിവിനായി ലൈസൻസിക്ക് ഉപയോഗിക്കാവുന്നതാണ്.

19) ടാക്സി സ്റ്റാന്റിൽ പാർക്ക് ചെയ്യുന്ന ടാക്സിക്ക് 24 മണിക്കൂർ നേരത്തേക്ക് 30/- രൂപയാണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

20) ലോറി സ്റ്റാന്റിൽ പാർക്ക് ചെയ്യുന്ന ലോറി, മിനിലോറി എന്നിവക്ക് 24 മണിക്കൂർ പാർക്ക് ചെയ്യുന്നതിന് 50/- രൂപയാണ് ഫീസ് നിരക്ക്.

21) പാർക്കിംഗിന് നഗരസഭ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മാത്രമെ വാഹനങ്ങളിൽ നിന്ന് ഫീസ് ഈടാക്കാൻ പാടുള്ളൂ.

22) പാർക്കിംഗ് ഫീസ് പിരിക്കുന്നത് സംബന്ധിച്ച് പരാതികൾ ഉണ്ടെങ്കിൽ ആയതിന് പോലീസ്/ആർ.ടി.ഒ. ഡിപ്പാർട്ടുമെന്റുകളുമായി ബന്ധപ്പെട്ട് പരിഹാരം കാണുന്നതിന് ലൈസൻസിക്ക് അധികാരമുണ്ടായിരിക്കും.

23) നഗരസഭാ പാതാറുകളിൽ നിന്നും ഫീസ് പിരിക്കേണ്ട നിരക്ക് ഓരോ തടിമരത്തിനും ഓരോ ദിവസത്തേക്ക് 10/- രൂപറാണ്.

24) സെൻട്രൽ മത്സ്യ മാർക്കറ്റിൽ നിന്നും ഒരു ബോക്സ് മത്സ്യത്തിന് 10/- രൂപയും മറ്റുള്ള മാർക്കറ്റുകളിൽ നിന്നും ഒരു ബോക്സ് മത്സ്യത്തിന് 30/- രൂപയാണ് ഫീസ് ഈടാക്കേണ്ടത്.

25) മത്സ്യ മാർക്കറ്റുകളിൽ നിലവിലുള്ള മറ്റ് ബീഫ്/മട്ടൻ സ്റ്റാളുകൾ മത്സ്യ മാർക്കറ്റ് കരാറിൽ ഉൾപ്പെടാത്തതും പ്രത്യേകമായി ലേലം ചെയ്യുന്നതുമാണ്.

26) ബസ്സ്റ്റാന്റ് ഫീ നിരക്ക് (കെ.എസ്.ആർ.ടി.സി. ബസ്സ് ഒഴികെ) ബസ്സ് ഒന്നിന് ഒരു ദിവസത്തേക്ക് 30/- രൂപയാണ്.

27) കൗൺസിൽ നിശ്ചയിച്ച നിരക്ക് സംബന്ധിച്ച വിവരം പൊതുജനങ്ങൾക്കായി ലൈസൻസി സ്വന്തം ചെലവിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. നഗരസഭ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ കൂടുതൽ നിരക്ക് ഈടാക്കുവാൻ പാടുള്ളതല്ല. അപ്രകാരം ചെയ്താൽ മറ്റൊരറിയിപ്പില്ലാതെ കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും കൗൺസിൽ നിശ്ചയിക്കുന്ന പിഴ ഈടാക്കുന്നതും, ലൈസൻസിയുടെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ലേലം/ടെണ്ടർ ചെയ്യുന്നതുമായിരിക്കും.

28) ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നതിന് മുമ്പു തന്നെ, ലേലത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്ഥലങ്ങൾ/സ്ഥാപനങ്ങൾ മുതലായവ നേരിൽ പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. നിലവിലുള്ള അവസ്ഥയിലായിരിക്കും ലേലം/ടെണ്ടർ ചെയ്യുക. സ്ഥലം, സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച് ലേലത്തിന് ശേഷം ഉന്നയിക്കുന്ന യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

29) മുൻകാലങ്ങളിൽ ലേലം/ടെണ്ടർ കൊണ്ടതിൽ ഏതെങ്കിലും തരത്തിലുള്ള കുടിശ്ശികയുള്ളവരോ എഗ്രിമെന്റ് സമർപ്പിക്കാത്തവരോ അവരുടെ ജാമ്യക്കാരോ 2022-2023 വർഷത്തെ ലേലം/ടെണ്ടറിൽ പങ്കെടുക്കുവാൻ അർഹരല്ലാത്തവരും അങ്ങനെയുള്ളവരെ പങ്കെടുക്കാൻ അനുവദിക്കാത്തതുമാണ്.

30) ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ നിർബന്ധമായും ഐഡന്റിറ്റി കാർഡ് ഹാജരാക്കേണ്ടതും ആയതിന്റെ പകർപ്പ് ഓഫീസിൽ നൽകേണ്ടതുമാണ്.

കോഴിക്കോട് കോർപ്പറേഷൻ റവന്യൂ വിഭാഗം Non Tax

ജോയിന്റ് കോർപ്പറേഷൻ സെക്രട്ടറി

2/12

ഉമ/

എ36/96105/2022 തീയ്യതി 17/02/2023

# കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

## 2023–24 ൽ പൊതുലേലം/ടെണ്ടർ ചെയ്യുന്നവയുടെ ലിസ്റ്റ്

ലേലം/ടെണ്ടർ തീയ്യതി :മെയിൻ ഓഫീസ് പരിധിയിലുള്ളത് **04/03/2023 ന്**

സോണൽ ഓഫീസ് പരിധിയിലുള്ളത് **06/03/2023 ന്**

| ക്രമ നമ്പർ | പൊതുലേലം/ടെണ്ടർ ചെയ്യേണ്ട സ്ഥാപനങ്ങളുടെ/സ്ഥലങ്ങളുടെ പേര് | നിരതദ്രവ്യം | മുഖവില |
|---|---|---|---|
| 1 | ഇ.കെ നായനാർ മേൽപ്പാലത്തിന്റെ അടിവശത്തെ ടൂ വീലർ & ഫോർ വീലർ പാർക്കിംഗ് | 2,00,000 | 27,00,000 |
| 2 | പാളയം ടൂ വീലർ & ഫോർ വീലർ പാർക്കിംഗ് ഏരിയ | 1,00,000 | 25,50,000 |
| 3 | പാളയം & എസ്.എം സ്ട്രീറ്റ് ടാക്സി സ്റ്റാന്റ് | 50,000 | 4,40,000 |
| 4 | ഇ.എം.എസ് സ്റ്റേഡിയം ടാക്സി സ്റ്റാന്റ് | 10,000 | 12,500 |
| 5 | വാർഡ്–19, മൂര്യാട് പാലത്തിനടുത്തുള്ള മരം സൂക്ഷിക്കുന്ന സ്ഥലം | 10,000 | 1,28,000 |
| 6 | വാർഡ്– 15, ഇബ്രാഹിം പാലത്തിനടുത്ത്മരം സൂക്ഷിക്കുന്ന സ്ഥലം | 2,000 | 6,500 |
| 7 | മാങ്കാവ് പാതാർ | 2,000 | 6,500 |
| 8 | പുതിയപാലം പാതാർ | 5,000 | 12,000 |
| 9 | ലോറി സ്റ്റാന്റ് | 50,000 | 3,30,000 |
| 10 | മാസ്റ്റർ ബോർഡ്– ഓയിറ്റി റോഡ്, ജയന്തി ബിൽഡിംഗ് പാളയം | 50,000 | 2,40,000 |
| 11 | പാളയം ബസ് സ്റ്റാന്റ് ക്ലോക്ക് റൂം | 50,000 | 1,25,000 |
| 12 | ഐ.ജി റോഡ് ബസ് സ്റ്റാന്റ് ക്ലോക്ക് റൂം | 1,00,000 | 3,90,000 |
| 13 | പാളയം ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | 1,00,000 | 8,00,000 |
| 14 | ഐ.ജി റോഡ് ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ | 2,00,000 | 25,00,000 |

| | | | |
|---|---|---|---|
| 15 | ബസ് സ്റ്റാന്റ് ഫീ (പാളയം & ഐ.ജി റോഡ് ബസ് സ്റ്റാന്റ്) | 2,00,000 | 33,00,000 |
| 16 | സെൻട്രൽ മാർക്കറ്റ് | 1,00,000 | 16,50,000 |
| 17 | കല്ലായി മാർക്കറ്റ് | 2,000 | 7,000 |
| 18 | പന്നിയങ്കര മാർക്കറ്റ് | 10,000 | 50,000 |
| 19 | പുതിയപാലം മാർക്കറ്റ് | 5,000 | 25,000 |
| 20 | പുതിയറ മാർക്കറ്റ് | 3,000 | 25,000 |
| 21 | പുതിയങ്ങാടി മാർക്കറ്റ് | 3,000 | 35000 |
| 22 | കുറ്റിച്ചിറ മാർക്കറ്റ് | 1,000 | 3,500 |
| 23 | മാങ്കാവ് മാർക്കറ്റ് | 10,000 | 90,000 |
| 24 | ചക്കുംകടവ് മാർക്കറ്റ് | 2,000 | 10,000 |
| 25 | എരഞ്ഞിപ്പാലം മാർക്കറ്റ് | 10,000 | 70,000 |
| 26 | ഇടിയങ്ങര മാർക്കറ്റ് | 1,000 | 6,000 |
| 27 | വെസ്റ്റ്ഹിൽ മാർക്കറ്റ് | 2,000 | 7,500 |
| 28 | മൂരിയാട് മാർക്കറ്റ് | 1,000 | 5,000 |
| 29 | കിണാശ്ശേരി മാർക്കറ്റ് | 2,000 | 7,500 |
| 30 | മീഞ്ചന്ത മാർക്കറ്റ് | 3,000 | 25,000 |
| 31 | വെള്ളയിൽ മാർക്കറ്റ് | 10,000 | 75,000 |
| 32 | കോവൂർ മാർക്കറ്റ് | 10,000 | 75,000 |
| 33 | കാരപ്പറമ്പ് മാർക്കറ്റ് | 2,000 | 5,000 |
| 34 | പള്ളിക്കണ്ടി മാർക്കറ്റ് | 2,000 | 15,500 |

| | | | |
|---|---|---|---|
| **ചെറുവണ്ണൂർ-നല്ലളം മേഖലാ കാര്യാലയ പരിധിയിലുള്ളവ** | | | |
| 1 | കുണ്ടായിത്തോട് മത്സ്യ മാർക്കറ്റ് | 5,000 | 60,000 |
| 2 | ചെറുവണ്ണൂർ മത്സ്യ മാർക്കറ്റ് | 5,000 | 17,000 |
| 3 | റഹ്മാൻ ബസാർ മത്സ്യ മാർക്കറ്റ് | 5,000 | 25,000 |
| 4 | റഹ്മാൻ ബസാർ ബീഫ് സ്റ്റാൾ | 25,000 | 1,60,000 |
| 5 | ഫല വൃക്ഷങ്ങളിൽ നിന്നുള്ള ആദായം (2023-26) | 20,000 | 1,35,000 |
| **എലത്തൂർ മേഖലാ കാര്യാലയ പരിധിയിലുള്ളവ** | | | |
| 1 | ബസ് സ്റ്റാന്റ് ഫീ, എലത്തൂർ | 10,000 | 75,000 |
| 2 | ഫല വൃക്ഷങ്ങളിൽ നിന്നുള്ള ആദായം | 2,000 | 6,500 |
| **ബേപ്പൂർ മേഖലാ കാര്യാലയ പരിധിയിലുള്ളവ** | | | |
| 1 | ഫിഷ് മാർക്കറ്റ് മാത്തോട്ടം | 10,000 | 50,000 |
| 2 | കംഫർട്ട് സ്റ്റേഷൻ ബേപ്പൂർ | 5,000 | 30,000 |
| 3 | മത്സ്യ മാർക്കറ്റ് അരക്കിണർ | 10,000 | 30,000 |
| 4 | മത്സ്യ മാർക്കറ്റ് ബേപ്പൂർ | 5,000 | 25,000 |
| 5 | ബസ് സ്റ്റാന്റ് ബേപ്പൂർ | 50,000 | 1,75,000 |

കോഴിക്കോട് കോർപ്പറേഷൻ റവന്യൂ വിഭാഗം Non Tax

ജോയന്റ് കേർപ്പറേഷൻ സെക്രട്ടറി
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

*കൗൺസിലിന്റെ 16.02.2023 തീയ്യതിയിലെ 9, 10 നമ്പർ തീരുമാനങ്ങൾ.